# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



**മാന്യ വായനക്കാർക്ക്**

**അലകളുടെയും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെയും**



**ഓണാശംസകൾ**



പുസ്തകം 3 ലക്കം 75 ❖ തിരുവനന്തപുരം ❖ 2010 ആഗസ്റ്റ് 1–16 www.alakal.net വില 2 രൂപ


# "കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ബിൽ 2010" ചർച്ച കൂടാതെ പാസ്സാക്കി

തിരുവനന്തപുരം: സംസ്ഥാനത്തെ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ ഉടമസ്ഥാവകാശം ഇനി സർക്കാരിനു സ്വന്തം. അനുമതിയില്ലാതെ മീൻപിടിക്കുന്നതും മത്സ്യകൃഷി നടത്തുന്നതും വാറണ്ട് ഇല്ലാതെ അറസ്റ്റ് ചെയ്യാവുന്ന കുറ്റമാവും. ലൈസൻസില്ലാതെ ഓരുജല മത്സ്യകൃഷിയോ മത്സ്യവിത്തുൽപാദന കേന്ദ്രമോ നടത്തിയാൽ ആറു മാസം തടവോ 25,000 രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കാം. ഇതേ കുറ്റത്തിന് രണ്ടാമതും പിടിക്കപ്പെട്ടാൽ ശിക്ഷ ഇരട്ടിയാകും. രജിസ്ട്രേഷനില്ലാതെ മത്സ്യബന്ധന യാനങ്ങളും വലകളും ഉപയോഗിച്ചാലും കടുത്ത ശിക്ഷ ലഭിക്കും. കല്ലുമ്മക്കായ, കക്ക, ചിപ്പി കൃഷികളും നിയമത്തിന്റെ പരിധിയിൽ വരും.

കായലുകളിലും നദികളിലും മറ്റ് ജലാശയങ്ങളിലുമുള്ള മത്സ്യങ്ങളെല്ലാം സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമുതലായിരിക്കും. ലൈസൻസില്ലാത്തവരെ ജലാശയങ്ങളിൽനിന്ന് മീൻപിടിക്കാൻ അനുവദിക്കില്ല. അനുവാദമില്ലാതെ മീൻപിടിച്ചാൽ അത് പിടിച്ചെടുക്കാനുള്ള അധികാരവും സർക്കാരിനുണ്ട്.

ജീവനുള്ളതും അല്ലാത്തതുമായ മത്സ്യങ്ങളുടെയെല്ലാം ഉടമസ്ഥാവകാശം സർക്കാരിനുതന്നെയാണ്. കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ബില്ലിലെ നിർദേശ പ്രകാരമാണ് സർക്കാർ ഇതിനുള്ള നടപടികൾക്ക് തുടക്കമിട്ടിരിക്കുന്നത്. പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കാനും പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കാനും പോഷക സമ്പന്നമായ മത്സ്യലഭ്യത ഉറപ്പുവരുത്താനുമാണ് നടപടി.

സംരക്ഷിക്കപ്പെടേണ്ട ജലാശയങ്ങളും മത്സ്യസമ്പത്തും വിദഗ്ധ സമിതിയുടെ സഹായത്തോടെ സർക്കാർ കണ്ടെത്തും. ഇത്തരം പൊതു ജലാശയം സർക്കാർ സംരക്ഷിത മത്സ്യസങ്കേതമായി പ്രഖ്യാപിക്കും. ഇവിടെ മീൻപിടുത്തം പൂർണ്ണമായും നിരോധിക്കും.

പ്രത്യേക ഇനം മീനുകളെ പിടിക്കുന്നതിനു സ്ഥിരമായോ തൽക്കാലത്തേക്കോ വിലക്ക് ഏർപ്പെടുത്തുകയും ചെയ്യും. ജലാശയത്തിന്റെ പാരിസ്ഥിതിക അവസ്ഥയ്ക്ക് കോട്ടം തട്ടുന്ന ഒരു പ്രവർത്തനവും അനുവദിക്കില്ലെന്നാണ് സർക്കാർ നിലപാട്.

മത്സ്യവിത്തുകൾ ശേഖരിക്കുന്നതിലും സർക്കാർ നിയന്ത്രണം വരികയാണ്. സർക്കാർ വിജ്ഞാപനത്തിലൂടെ നിർദ്ദേശിക്കുന്ന മത്സ്യവിത്തുകൾ ഒഴികെ പ്രകൃതിയിൽ നിന്നു ശേഖരിക്കുന്ന മത്സ്യവിത്തുകളൊന്നും മീൻവളർത്തലിന് ഉപയോഗിക്കാൻ പാടില്ല.

ഉൾനാടൻ മത്സ്യമേഖലയിൽ ഏകീകൃത നിയമമെന്ന ആശയമാണു നടപ്പാക്കുന്നത്. ഫിഷറീസ് വകുപ്പ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു തുടങ്ങുന്നതോടെ മറ്റ് ഏജൻസികൾ നൽകുന്ന ലൈസൻസിനു സാധുതയുണ്ടാവില്ല.

ഇതിനു മേൽനോട്ടം വഹിക്കന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ രൂപീകരിക്കും രണ്ട് എം.എൽ.എമാരുടെയും ഫിഷറീസ് മന്ത്രിയുടെയും ഫിഷറീസ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ളതായിരിക്കും സംസ്ഥാന സമിതി. മത്സ്യകർഷകരും സാങ്കേതിക വിദഗ്ധരും അംഗങ്ങളായിരിക്കും.

ഫിഷറീസ് മന്ത്രിയും ഡയറക്ടറും യഥാക്രമം ചെയർമാനും കൺവീനറുമായിരിക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും ജില്ലാ കളക്ടറുടെയും മത്സ്യഫെഡ് മാനേജരുടെയും നേതൃത്വത്തിലാലിയിരിക്കും ജില്ലാ സമിതികൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറുമായിരിക്കും.

കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ബില്ലിന് ചട്ടങ്ങളുണ്ടാക്കി ഒരു മാസത്തിനകം വിജ്ഞാപനം പുറപ്പെടുവിക്കും. നിയമം എങ്ങനെ നടപ്പാക്കണമെന്നതിനെക്കുറിച്ച് അന്തിമരൂപം ആവുന്നതേയുള്ളു. ഫിഷറീസ് വകുപ്പാണ് ഇതിനു വേണ്ട ചട്ടങ്ങൾ രൂപപ്പെടുത്തുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലാണ് ബിൽ ചർച്ച കൂടാതെ പാസാക്കിയത്. ചട്ടങ്ങൾ തയ്യാറാക്കിവരികയാണെന്ന് ഫിഷറീസ് ഡയറക്ടർ പി.ഐ. ഷെയ്ഖ് പരീത് പറഞ്ഞു.

# മത്സ്യമേഖല പ്രതിസന്ധിയിൽ

മത്സ്യമേഖല ഏറെ പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണിത്. മത്സ്യതൊഴിലാളികൾ പണ്ടെന്നത്തെക്കാളും മത്സ്യസമ്പത്തിന്റെ ശോഷണം മൂലമുള്ള കെടുതികൾ നേരിട്ടുകൊണ്ടിരിക്കുന്നു.

മത്സ്യതൊഴിലാളികളെ ഏറെ ദുരിതത്തിലാക്കുന്ന മറ്റൊരു നടപടിയാണ് കേന്ദ്ര സർക്കാരിന്റെ മത്സ്യ ഇറക്കുമതി നയം. ഇന്ത്യ ആസിയാൻ കരാറിൽ ഒപ്പുവച്ചതോടുകൂടി 177 ഇനം മത്സ്യമാണ് ആസിയാൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. ഇപ്പോൾ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നും മത്സ്യ ഇറക്കുമതിക്കുള്ള കരാറിൽ ഒപ്പുവയ്ക്കുവാനുള്ള അണിയറ നീക്കവും ആരംഭിച്ചിരിക്കുന്നു. വികസനത്തിന്റെയും ടൂറിസത്തിന്റെയും പേരിൽ മത്സ്യതൊഴിലാളി ജനവിഭാഗത്തെ കൂടുതൽ ദുരിതപൂർണ്ണമായ അവസ്ഥയിലേക്ക് തള്ളിവിടാൻ ഭരണവർഗ്ഗം ശ്രമിക്കുമ്പോൾ ഉപജീവനത്തിനുവേണ്ടി കടലിനെയും ജലാശയങ്ങളെയും ആശ്രയിക്കുന്ന പരമ്പരാഗത-ചെറുകിട മത്സ്യതൊഴിലാളി സമൂഹം നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ പാതയിലാണ്.

വിദേശ മീൻപിടുത്ത കപ്പലുകൾക്ക് നമ്മുടെ കടൽതുറന്നുകൊടുക്കുകയും അന്താരാഷ്ട്ര നിരക്കിൽ ഡീസൽ നൽകുകയും ചെയ്യുമ്പോൾ മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി നൽകണമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം നമ്മുടെ ഭരണകർത്താക്കൾ കണ്ടില്ലെന്ന് നടിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള നികുതി നാൾക്കുനാൾ വർദ്ധിപ്പിക്കുക കൂടി ചെയ്യുന്നു.

1991 ലെ തീരദേശ നിയന്ത്രണ നിയമത്തിൽ മത്സ്യതൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ അതിനെയൊക്കെ മാറ്റിമറിച്ചുകൊണ്ട് ടൂറിസം-വ്യവസായ ലോബികൾക്ക് കടൽതീരവും തീരക്കടലും കയ്യടക്കാൻ അവസരമൊരുക്കന്നതരത്തിൽ തീരദേശ നിയന്ത്രണ നിയമത്തിൽ മാറ്റം വരുത്താനാണ് വനം - പരിസ്ഥിതി മന്ത്രാലയം ശ്രമിക്കുന്നത്. മത്സ്യതൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള തടസങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം പരിഹണിക്കാതെ ടൂറിസ്റ്റ് റിസോർട്ടുകൾക്ക് യഥേഷ്ടം പ്രവർത്തിക്കാൻ അനുമതി നൽകുന്ന രീതിയാണ് അവലംബിച്ചുവരുന്നത്.

മാത്രവുമല്ല തീരദേശപ്രദേശം ലക്ഷ്യമാക്കിയാണ് മിക്ക SEZ ഉം (പ്രത്യേക സാമ്പത്തിക മേഖലകൾ) പ്രഖ്യാപിച്ചു വരുന്നത്. കടലിനെ ആശ്രയിച്ച് ഇപജീവനം നടത്തുന്ന മത്സ്യതൊഴിലാളികളുടെ മേൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അടിച്ചേൽപിക്കുന്ന നിയന്ത്രണങ്ങൾ പലതും മത്സ്യതൊഴിലാളികളുടെ നിലനിൽപിനെതന്നെ പ്രതികൂലമായി ബാധിച്ചുവരുന്നു. കടലാമയുടെ സംരക്ഷണത്തിന്റെ പേരിൽ ഒറീസയിലെ രണ്ട് ജില്ലകളിൽ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം അസാദ്ധ്യമായിരിക്കുന്നു. പവിഴപ്പാറ് സംരക്ഷിക്കാനെന്ന പേരിൽ ഇന്ത്യയിലെ 32-ഓളം കടൽ പ്രദേശങ്ങൾ മറൈൻ പ്രോട്ടക്ടഡ് ഏരിയകളായി പ്രഖ്യാപിച്ച് കഴിഞ്ഞു. ആ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സം നേരിടേണ്ടി വരുന്നു. അതേസമയം സേതുസമുദ്രം പ്രോജക്ടിന്റെ പേരിൽ തമിഴ്നാട്ടിൽ നിരവധി പവിഴപാറ് പ്രദേശങ്ങൾ നാമാവശേഷമാക്കികൊണ്ടിരിക്കുന്നു. ആ പ്രദേശത്തെ മത്സ്യസമ്പത്താകെ നശിപ്പിച്ചുകൊണ്ടുള്ള ഡ്രജിംഗ് ആണ് അവിടെ നടക്കുന്നത്. നിരവധി തീരപ്രദേശങ്ങൾ കപ്പൽ പൊളി കേന്ദ്രങ്ങൾ (ഷിപ്പ് ബ്രേക്കിംഗ് യാർഡ്സ്) ആയി മാറ്റികൊണ്ടിരിക്കുന്നു. വിദേശരാജ്യങ്ങളിലെ പഴക്കം ചെന്ന കപ്പലുകൾ പൊളിക്കുവാൻ നമ്മുടെ രാജ്യത്താണ് അവർ ഇടം കണ്ടെത്തിയിരിക്കുന്നത് ഇതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിക പ്രത്യാഘാതങ്ങളെക്കുറിച്ച് നമ്മുടെ ഭരണകർത്താക്കൾ ചിന്തിക്കുന്നുപോലുമില്ല. അശാസ്ത്രിയമായി വൻകിട സ്വകാര്യ ഹാർബറുകൾ നിർമ്മിക്കാനാണ് ഭരണകർത്താക്കൾ താൽപര്യം പ്രകടിപ്പിക്കുന്നത്. അനേകം തീര പ്രദേശങ്ങൾ പ്രത്യേകം ടൂറിസം സോണുകൾ ആയി തിരിച്ച് അവിടെയും തീരദേശവാസികൾക്ക് പ്രവേശനം നിഷേധിക്കുവാനുള്ള അണിയറനീക്കം ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യൻ കടലിലെവിടെയും മീൻ പിടിക്കാനുള്ള പരമ്പരാഗത-ചെറുകിട മത്സ്യതൊഴിലാളികളുടെ അവകാശത്തെ തകിടം മറിക്കുന്ന പുത്തൻ നിയമനിർമ്മാണത്തിന്റെ പണിപ്പുരയിലാണ് ഇപ്പോൾ കേന്ദ്ര കൃഷിമന്ത്രാലയം. 12 നോട്ടിക്കൽ മൈലിനപ്പുറം (22 കിലോമീറ്റർ) ചെറുകിട മത്സ്യതൊഴിലാളികൾക്ക് മീൻ പിടുത്തത്തിൽ ഏർപ്പെടുന്നതിന് കർശന നിയന്ത്രണങ്ങളാണ് കൊണ്ടുവരുന്നത്. ഇത് വിദേശ മീൻപിടുത്ത കപ്പലുകൾക്ക് തീരക്കടലിലേക്ക് യഥേഷ്ടം കടന്നുവരാനുള്ള അവസരമൊരുക്കലാണ്.

സംസ്ഥാന സർക്കാരിന്റെ പുതിയ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ബിൽ 2010 ഉം മത്സ്യതൊഴിലാളികളുടെയും മത്സ്യമേഖലയുടെയും സംരക്ഷണത്തിനുപരി ടൂറിസത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. കടലാക്രമണം തടയുവാനെന്ന പേരിൽ സംസ്ഥാന സർക്കാർ കോടിക്കണക്കിനു രൂപ ചെലവഴിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന് ഒരു പിടി കോൺട്രാക്ടർമാരുടെയും ഉദ്യോഗസ്ഥ വെള്ളാനകളുടെയും കീശ വീർപ്പിക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളു.

സമുദ്രനിരപ്പ് ഉയരുകയും കടലൊഴുക്കിൽ കാര്യമായ വ്യതിയാനം നേരിടുകയും മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുകയും ചെയ്യുന്ന ഈ പശ്ചാത്തലത്തിൽ മത്സ്യതൊഴിലാളികളുടെ നിലനിൽപിനും മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ശാസ്ത്ര സമൂഹവും സർക്കാരും മത്സ്യതൊഴിലാളികളും മത്സ്യതൊഴിലാളി പ്രസ്ഥാനങ്ങളും പരിസ്ഥിതി പ്രവർത്തകരും ഒന്നിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# ദരിദ്രർക്ക് ഭക്ഷണമില്ല, ഭരണവർഗ്ഗത്തിന് ആഡംബരവും ധൂർത്തും

– അഡ്വ. ജോഷി ജേക്കബ്

ദില്ലിയിൽ നടക്കാൻ പോകുന്ന കോമൺവെൽത്ത് ഗെയിംസിനുവേണ്ടി ചെലവഴിക്കുവാൻ കേന്ദ്രസർക്കാർ വകയിരുത്തിയിരിക്കുന്നത് എൺപതിനായിരം കോടി രൂപയാണ്. ഇന്ത്യയിലെ സാധാരണക്കാരുടെ തലയ്ക്കടി നൽകുന്ന ഒരു തീരുമാനമാണത്. പല തവണകളായി വർദ്ധിപ്പിച്ച ആ തുക ഇനിയും വർദ്ധിച്ചേക്കാം. ലോകബാങ്ക്, ഏ.ഡി.ബി., ഡി.എഫ്.ഐ.ഡി. തുടങ്ങിയ സാമ്രാജ്യത്ത ഏജൻസികളുടെ കടത്തിൽനിന്ന് വകയിരുത്തിയ ആ തുകയിൽനിന്ന് ദില്ലിയിൽ അനവധി മൈതാനങ്ങളും കായിക'ഗ്രാമ'ങ്ങളും ഫ്ളൈഓവറുകളും ബഹുനിലയിലും ഭൂമിക്കടിയിലുമുള്ള പാർക്കിംഗ് സംവിധാനങ്ങളും ഉണ്ടാക്കുവാനും പൊതുവായ സൗന്ദര്യവൽക്കരണത്തിനും വേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അതിനെല്ലാം ആവശ്യമായ ഭൂമി ഏറ്റെടുത്തും മറ്റും ഉപയോഗിക്കുന്നതിന് ദില്ലി നഗരത്തിലെ ആയിരക്കണക്കിന് പാവങ്ങളെയാണ് മതിയായ പുനരധിവാസം നൽകാതെ കുടിയൊഴിപ്പിക്കുന്നത്. വികലമായ നഗരവികസനത്തിന്റെ ഫലമായി ഇപ്പോൾത്തന്നെ ചുരുങ്ങിവന്നിട്ടുള്ള യമുനാ നദിയുടെ തീരത്ത്തന്നെയാണ് നിർമ്മാണങ്ങളേറെയും നടത്തുന്നത്. മരിച്ചുകൊണ്ടിരിക്കുന്ന യമുനാ നദിയും അതിന്റെ പാരിസ്ഥിതിക വ്യവസ്ഥയും അന്ത്യശ്വാസം വലിച്ചാലും കോമൺവെൽത്ത് ഗെയിംസിന്റെ മറവിൽ നടത്തുന്ന പരിസ്ഥിതിനാശം കാണുവാൻ സർക്കാർ തയ്യാറല്ല.

കേന്ദ്രസർക്കാർ അസംഘടിത തൊഴിലാളികളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച അർജുൻ സേൻഗുപ്താ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് നമ്മുടെ രാജ്യത്തെ 80% ആളുകളും പ്രതിദിനം 20 രൂപ കൊണ്ട് ജീവിക്കുവാൻ മാത്രം കഴിയുന്നവരാണ്. അത്രമാത്രം പാവപ്പെട്ടവരുള്ള നമ്മുടെ രാജ്യം ഭീമമായ തുക ഇതുപോലെ ഒരു കാര്യത്തിന് ചെലവഴിക്കണമോ? അതും കേവലം 12 ദിവസം മാത്രം നീണ്ടുനിൽക്കുന്ന ഒരു മേളയ്ക്കുവേണ്ടി. നമ്മുടെ സാമ്പത്തിക വ്യവസ്ഥയ്ക്ക് അത് സ്ഥായിയായ യാതൊരു പ്രയോജനവും ഉണ്ടാക്കാത്തതാണെന്നും മറന്നുകൂടാ. ദരിദ്രർക്ക് ഭക്ഷണം നൽകുന്നതല്ല ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനുമാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് കോമൺവെൽത്ത് ഗെയിംസ് പ്രഖ്യാപിക്കുന്നു.

**അഴിമതിയുടെ മേച്ചിൽപുറം**

ഗെയിംസിന്റെ സുരക്ഷാസംവിധാനത്തിനുള്ള കരാർ ഒരു സ്വകാര്യ ഏജൻസിയുമായി ഒപ്പുവച്ചിരിക്കുന്നത് 370 കോടി രൂപക്കാണ്. പോലീസിനും പാരാമിലിട്ടറിയ്ക്കുമുള്ള ചെലവിന് പുറമേയാണ് ഇത്. യുദ്ധകാലാടിസ്ഥാനത്തിൽ ഉള്ള ആവശ്യമെന്ന മറവിൽ ഓരോ ദിവസവും മേളയുടെ ചെലവ് കൂട്ടിക്കൊണ്ടിരിക്കുന്നത് വൻതോതിൽ കമ്മീഷൻ പറ്റുന്നതിനും അഴിമതി കാണിക്കുന്നതിനും കളമൊരുക്കുകയാണെന്ന സംഗതി ഇതിനകംതന്നെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞു. മേളയുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും മേധാവി ആരെന്ന സംഗതിയ്ക്ക് നടക്കുന്ന പോരിന് പിന്നിൽ അത്തരം വെട്ടുമേനികൾ തരപ്പെടുത്തുവാനുള്ള വ്യഗ്രതകളാണ്. ഉദ്യോഗസ്ഥ മേധാവികളും, കരാറുകാരും, വൻ ബിസിനസ്സുകാരും, ഇടനിലക്കാരും, ഭരണകക്ഷി രാഷ്ട്രീയ നേതാക്കളും അടങ്ങിയ അഴിമതി കൂട്ടുകെട്ടിന് ധൂർത്തിന്റെ ഈ മേള വലിയ ഒരു മേച്ചിൽപ്പുറമാണ്. എന്നാൽ മറുവശത്ത് ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളേയും പാവങ്ങളേയും സർക്കാർ നിർദ്ദയം അവഗണിക്കുകയുമാണ്. മാറിമാറി വരുന്ന സർക്കാരുകൾ ഓരോ തരത്തിലുള്ള ധൂർത്തുകൾ വർദ്ധിപ്പിക്കുമ്പോഴും ചെലവ് ചുരുക്കൽ മുദ്രാവാക്യം ഉയർത്തുന്നത് വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ഉൾപ്പെടെയുള്ള അത്യാവശ്യമായ മേഖലകളിൽ സർക്കാരിന്റെ വകയിരുത്തൽ വെട്ടിക്കുറയ്ക്കുവാൻ ഒഴിവുകഴിവ് കണ്ടെത്തുന്നതിനാണെന്ന് തോന്നും. അത്യാവശ്യ സർവ്വീസുകൾ കുത്തകകൾക്ക് കൈമാറുന്ന സ്വകാര്യവൽക്കരണവും പൊതു വിതരണ സമ്പ്രദായത്തിന്റെ അവസാനിപ്പിക്കലും എല്ലാം ഭയാനകമായ സാമ്പത്തിക കമ്മികൊണ്ടാണുപോലും!! രാജ്യത്തിന്റെ 'അഭിമാനമുയർത്താൻ' നടത്തുന്ന കോമൺവെൽത്ത് ഗെയിംസ്പോലുള്ള ആർഭാട ചടങ്ങുകൾക്കുവേണ്ടി വാരിവിതറാൻ സർക്കാരിന് പണത്തിന്റെ യാതൊരു കുറവുമുള്ളതായി കാണുന്നില്ല. കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസ് നടന്ന മെൽബണിൽ വരാനിരിക്കുന്ന ഗെയിംസിന് പ്രചാരം ലഭിക്കുന്ന പരിപാടി നടത്തുന്നതിന് ദില്ലി സർക്കാർ ബോളിവുഡ് താരങ്ങൾക്ക് കോടിക്കണക്കിന് രൂപയാണ് നൽകിയത്. അവയെല്ലാം കടം വാങ്ങി നടത്തുനന ധൂർത്താണെന്നും അതിന്റെ ഭാരം ജനങ്ങളാണ് താങ്ങേണ്ടതെന്നും മറന്നുകൂടാ.

ഗെയിംസ് നടത്തുന്നതിനനുകൂലമായി പറയുന്ന പ്രധാന വാദഗതികളിലൊന്നാണ് ഗെയിംസിന് നിർമ്മിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഭാവിയിലേക്കും ദില്ലി നഗരത്തിന് പ്രയോജനപ്പെടുമെന്നുള്ളത്. എന്നാൽ ആർക്കാണ് പ്രയോജനം? നഗരത്തിലെ സ്വന്തമായി കാറുള്ള സമ്പന്നരായവർക്കുമാത്രം (അതുപോലും നീണ്ടുനിൽക്കുന്നതല്ല. കാരണം അനുദിനം വർദ്ധിച്ചുവരുന്ന കാറുകൾ ഫ്ളൈഓവറിലെ ഇടങ്ങൾ മുഴുവൻ നിറയ്ക്കാൻ ഒട്ടധികം സമയം വേണ്ട.) എന്നെന്നേക്കുമായി ജീവിതങ്ങളും ഉപജീവനമാർഗ്ഗങ്ങളും തകർക്കപ്പെടുന്ന ആയിരക്കണക്കിന് ചേരി നിവാസികളുടെയും തെരുവിൽ കച്ചവടം നടത്തിയിരുന്നവരുടെയും സ്ഥിതി എന്താണ്?

**ചോരുന്ന ഗ്രാമങ്ങൾ, തളരുന്ന ജനത, നശിക്കുന്ന പ്രകൃതി, ബീഭത്സമാകുന്ന വികസനം**

സാമ്പത്തികമായും സാങ്കേതികമായും തൊഴിൽശക്തിയിലും പ്രകൃതിവിഭവങ്ങളിലും ഗ്രാമങ്ങളെ അനുദിനം ശുഷ്കമാക്കി ദുർമ്മേദസ് നിറഞ്ഞ് വൻനഗരങ്ങൾ കൊഴുത്തുതടിക്കുന്ന ദുരന്തമായി നമ്മുടെ വികസനം മാറിക്കഴിഞ്ഞു. വൻനഗരങ്ങളിലെ തെരുവുകൾ വിസ്തൃതമാക്കുന്നതിനും ഫ്ളൈഓവറുകൾ കെട്ടുന്നതിനും പഞ്ചനക്ഷത്ര ഹോട്ടലുകൾ തീർക്കുന്നതിനും വമ്പൻ മാൾ കേന്ദ്രങ്ങളുണ്ടാക്കുന്നതിനും സർക്കാരോ സ്വകാര്യ നിക്ഷേപകരോ മുതൽമുടക്കുന്ന ഓരോ ചില്ലിക്കാശും വിശാലമായ ഗ്രാമീണ ഇന്ത്യയെ കൂടുതൽ പാപ്പരാക്കുന്നതാണ്. വൻനഗരങ്ങളിലേയ്ക്ക് ചേക്കേറി ചേരിനിവാസികളായിത്തീരുന്ന ഭൂരിപക്ഷം നഗരവാസികൾക്കും ചൂഷണവിധേയമാകുന്ന ഗ്രാമീണ, കർഷകജനതയ്ക്കും ഒരുപോലെ അടിമത്തവും ദുരിതവുമാണ് ലോകബാങ്കും സാമ്രാജ്യത്ത ശക്തികളും അടിച്ചേൽപ്പിക്കുന്ന ഇന്നത്തെ വികസനം നൽകുന്നത്. കാടും കടലും മണ്ണും വെള്ളവുമെല്ലാം നശിപ്പിച്ച് ഖനിജങ്ങളും വിഭവങ്ങളുമെല്ലാം ഊറ്റിയെടുത്ത് ആന്തരിക കോളനീകരണവും വിദേശചൂഷണവും ഊർജ്ജിതപ്പെടുത്തുന്ന വികസനലക്ഷ്യങ്ങളുമായി നടത്തുന്ന കോമൺവെൽത്ത് ഗെയിംസ്, കുടിവെള്ളം, ഭക്ഷണം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾപോലും നിറവേറ്റിക്കിട്ടാത്ത രാജ്യത്തെ സാധാരണക്കാരെയാണ് കൊഞ്ഞനംകുത്തി കാണിക്കുന്നത്. ചോരുന്ന ഗ്രാമങ്ങളും തളരുന്ന ജനതയും നശിക്കുന്ന പ്രകൃതി വിഭവങ്ങളും ബീഭൽസമാകുന്ന വികസനവും ആണ് നമ്മുടെ മുഖ്യ പ്രതിസന്ധി. പ്രകൃതിയുടെ വിനാശവും ജീവജാലങ്ങളുടെ വംശനാശവും കാലാവസ്ഥാവ്യതിയാനവും ഭൂമിയിലെ ജീവന്റെ നിലനിൽപ്പുംപോലും അപകടത്തിലാക്കിയ സ്ഥിതിവിശേഷമാണിപ്പോൾ.

കോളനിവാഴ്ചയിലൂടെ കൊള്ളയടിച്ച സമ്പത്തും വിഭവങ്ങളും തദ്ദേശ ജനതയുടെ ഉപജീവനമാർഗ്ഗങ്ങൾ തകർത്ത് അടിച്ചേൽപ്പിച്ച കമ്പോളവും കൈമുതലാക്കിയാണ് പാശ്ചാത്യമുതലാളിത്തം രൂപപ്പെട്ടതും പടർന്ന് പന്തലിച്ചതും. ഏഷ്യനാഫ്രിക്കൻ ലത്തീനമേരിക്കൻ ജനതകളുടെ മേലുള്ള അടിച്ചമർത്തലും ചൂഷണവും പാശ്ചാത്യമുതലാളിത്തം ഇന്നും അഭംഗുരം തുടർന്നുവരികയാണ്. മനുഷ്യചരിത്രം കണ്ടിട്ടില്ലാത്ത സമൃദ്ധിയാണ് പാശ്ചാത്യ മുതലാളിത്തത്തിന്റെ ആധുനിക നാഗരികത സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ അനേകം തലമുറകൾക്കവകാശപ്പെട്ട വിഭവങ്ങൾ ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രകൃതിയിൽനിന്ന് കവർന്നെടുത്തുണ്ടാക്കിയ സമ്പൽസമൃദ്ധി വെള്ളവർഗ്ഗ ജനതയിലും ഇരുണ്ടവർഗ്ഗക്കാരുടെ ചില തുരുത്തുകളിലും മാത്രം ഒതുങ്ങി നിൽക്കുന്നു. ഏഷ്യനാഫ്രിക്കൻ ലത്തീനമേരിക്കൻ ജനതകളുടെ വിശാല ഭൂപ്രദേശങ്ങൾ പട്ടിണിയും പരിവട്ടവുമായി ഇന്നും കഴിയുന്നു. അതിനേക്കാളേല്ലാമുപരി പാശ്ചാത്യ മുതലാളിത്തത്തിന്റെ മുന്നോട്ടുള്ള ഓരോ കുതിപ്പും ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങളുടെയും പ്രകൃതിയുടെയും പ്രത്യേകിച്ചും ഓരോ രാജ്യത്തുമുള്ള ആന്തരിക കോളനികളായിത്തീരുന്ന ഗ്രാമീണ, പിന്നോക്ക പ്രദേശങ്ങളുടെയും വൻ തകർച്ചയെ ഊർജ്ജിതപ്പെടുത്തുന്നതാണ്.

എന്നാൽ മുതലാളിത്തത്തിനെതിരെ പത്തൊൻപതാം നൂറ്റാണ്ടിൽതന്നെ യൂറോപ്പിലാവിർഭവിച്ച കമ്മ്യൂണിസത്തിന് സർക്കാരുടമസ്ഥതയിലാക്കുന്നതിലൊഴികെ മുതലാളിത്തത്തിന്റെ അതേ സാമ്പത്തിക, വികസന ലക്ഷ്യങ്ങളാണുള്ളത്. രാഷ്ട്രീയ, സാമ്പത്തിക, വാണിജ്യ ആധിപത്യത്തിലൂടെ മാത്രമല്ല ആഗോള മുതലാളിത്തം അതിന്റെ നീരാളിപിടുത്തത്തിൽ നമ്മെ കീഴടക്കുന്നത്. സിനിമ, കായികവിനോദം തുടങ്ങിയ സാംസ്ക്കാരികരംഗവും വൻതോതിലുള്ള സാമ്പത്തിക ചൂഷണോപാധികളാക്കി ആഗോള മുതലാളിത്തം മാറ്റിക്കഴിഞ്ഞു. നമ്മുടെ തിരിച്ചറിവുകളെപോലും നഷ്ടപ്പെടുത്തുന്ന സാംസ്ക്കാരികവും മാനസികവുമായ കടന്നുകയറ്റത്തിന്റെ അധിനിവേശമാണ് ആധുനിക നാഗരികത. അത് നമ്മെ സർവ്വനാശത്തിന്റെ വക്കോളം എത്തിച്ചിരിക്കുകയുമാണ്.

പാശ്ചാത്യ ആധിപത്യത്തിൽ അമർന്നുകഴിഞ്ഞ ചൈനയിലും സമ്പൽസമൃദ്ധിയുടെ തുരുത്തുകളും ദാരിദ്ര്യത്തിന്റെയും വിഭവശോഷണത്തിന്റെയും വിശാലപ്രദേശങ്ങളുമാണുള്ളത്. മുതലാളിത്തവാദികളും കമ്മ്യൂണിസ്റ്റ് പാർട്ടികളും ഒരുപോലെ ഉയർത്തിപ്പിടിക്കുന്ന ചൈനയിൽ, കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ ഉരിക്ക് മുഷ്ടിയുപയോഗിച്ച് നടത്തുന്ന ആധുനിക വികസനത്തിൽ പട്ടിണിക്കാരുടെ ചോരയും നീരുമൂറ്റി നടത്തിയ ഒളിമ്പിക്സ് നമുക്കൊരു മാതൃകയല്ല. വൻപദ്ധതികൾക്കും ഖനനങ്ങൾക്കുമായി നടത്തുന്ന കോടാനുകോടി ആളുകളുടെ കുടിയൊഴിപ്പിക്കൽ, വിഭവചോർച്ച, പട്ടിണി, പിന്നോക്കാവസ്ഥ തുടങ്ങിയവയെല്ലാം നിറഞ്ഞ ചൈനയുടെ വിശാലമായ പടിഞ്ഞാറൻ പ്രദേശങ്ങളുടെ പാപ്പരീകരണമാണ് കിഴക്കൻ തീരത്തെ ഷാങ്ഹായ്പോലുള്ള സമൃദ്ധിയുടെ തുരുത്തുകളെ താങ്ങിനിർത്തുന്നത്. ആന്തരിക കോളനീകരണത്തിന്റെയും വിദേശചൂഷണത്തിന്റെയും നടുക്കത്തിൽ മുങ്ങിത്താഴുകയാണ് ചൈനയും.

എന്നാൽ ഇന്ന് വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികൾ ഇടതായാലും വലതായാലും വർഗ്ഗീയമായാലും ജനങ്ങൾക്കെതിരെ ഒരു ചേരിയിൽ ഒന്നിച്ചണിനിരന്നിരിക്കുന്ന സാഹചര്യമാണ്. മഹാത്മാഗാന്ധിയും, ഡോ. ലോഹിയയും, ഡോ. അംബേദ്കറും, ലോക്നായക് ജയപ്രകാശ് നാരായനും നൽകുന്ന പ്രചോദനത്താൽ കരുത്തുറ്റ ഒരു ജനകീയശക്തി കെട്ടിപ്പടുത്തുകൊണ്ടുള്ള മുന്നേറ്റമാണാവശ്യം. സമാധാനപരവും സന്ധിയില്ലാത്തതുമായ ശക്തമായ ഒരു ജനകീയ പോരാട്ടം.

യഥാർത്ഥ കായിക വിനോദസംസ്ക്കാരം വികസിപ്പിക്കുവാനും വിനാശകരമായ വികസനത്തെ എതിർക്കുവാനും എല്ലാ നല്ല ആളുകളും കായിക പ്രേമികളും കോമൺവെൽത്ത് ഗെയിംസിനെതിരെ മുന്നോട്ടുവരണം. അല്ലാത്ത പക്ഷം മാറ്റമില്ലാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റത്തിന്റെ തീക്കനലിൽ വെന്തുരുകുന്ന സാധാരണക്കാരന്റെയും പാവപ്പെട്ടവരുടെയും ജീവിതങ്ങൾ ഇനിയുമെത്ര നാം ഹോമിക്കേണ്ടിവരും. വികലവികസനത്തിന്റെ തുലാഭാരത്തിൽ ഇനിയുമെത്ര കർഷക ആത്മഹത്യകൾ നിറയ്ക്കേണ്ടിവരും. നൂറ്റാണ്ടുകളായുള്ള വിവേചനത്തിന്റെയും മാറ്റിനിർത്തലിന്റേയും ജാതി അതിന്റെ പുതിയ രൂപത്തിൽ അസമതയും അവസര നിഷേധവും അവിരാമം മുന്നോട്ടുകൊണ്ടുപോകുന്നതും കാണേണ്ടിവരും. ●

# മത്സ്യതൊഴിലാളികൾ തിരുവല്ല താലൂക്ക് ഓഫീസിലേക്ക് മാർച്ച് ചെയ്തു




തിരുവല്ല : ഉൾനാടൻ ഫിഷറി ബിൽ മാറ്റി എഴുതുക, എല്ലാ മത്സ്യതൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുക, മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി ഉൾനാടൻ മേഖലയിലും നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ മത്സ്യതൊഴിലാളികൾ തിരുവല്ല താലൂക്ക് ഓഫീസിലേക്ക് മാർച്ച് ചെയ്തു. ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി. ജോൺ മാർച്ച് ഉത്ഘാടനം ചെയ്തു. ജാക്സൺ പൊള്ളയിൽ, പി.സി. ബെൻ, ഫ്രാൻസിസ് പരുമല, പി.ഐ. ബന്നി, കെ.കെ. ശശിധരൻ, റോയി, കെ.കെ. കുട്ടപ്പൻ, മറിയാമ്മ ജോൺ, കെ.വി. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

## നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്സ് (എൻ.എ.പി.എം.) സംസ്ഥാന കൺവെൻഷൻ തൃശൂരിൽ ദേശീയ കൺവീനർ മേധ പട്കർ ഉത്ഘാടനം ചെയ്തു.




എ.പി. ജയശീലൻ അനുസ്മരണ സമ്മേളനം പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി ഉത്ഘാടനം ചെയ്തു.




## തെരഞ്ഞെടുത്തു



പി.സി. ബൻ



സണ്ണി ജോസഫ്

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ഉൾനാട് ജില്ലാ പ്രസിഡന്റായി പി.സി. ബന്നിനെയും ജില്ലാ സെക്രട്ടറിയായി സണ്ണി ജോസഫിനെയും തെരഞ്ഞെടുത്തു. ➔

## മുറിയുന്ന തീരം

ഓർത്തുപോയ് ഞാനാപ്പഴയ കാലം
കുട്ടിയായ് അടുവാക്കുഴിയിലൂളിയിട്ട കാലം.
കിണ്ണനും, കുഴിഞ്ഞണ്ടും, കിളിമീനുമന്ന്
ഞങ്ങൾതൻ വികൃതിയ്ക്കു കൂട്ടായകാലം.

ഒറ്റയ്ക്കൊരു കൂടത്തിൽ മാനവും നോക്കി
കാറ്റിൻെറ കൈകളിൽ പറക്കും പരുന്തിനാൽ;
എൻചിത്തമാഴിതൻപരപ്പിലും അതി-
വിശാലമാം വിഹായസ്സിലും വിഹരിച്ച കാലം.

തത്തിക്കളിച്ചു നിതംബം കുലുക്കി
തത്രപ്പെട്ടുകരയിൽ മണ്ടി നടന്നൊരു
കടൽകാക്കയെക്കണ്ടു ഞാനൊന്നടുത്തപ്പോൾ
തക്കംനോക്കിയവൾ പറന്നകന്നതോർത്തുപോയ്.

ശിശിരത്തിന്നന്ത്യത്തിൽ കരയിലെത്തി
ശിശുവിനായ് കുഴിമാന്തി മുട്ടകൾ നിറച്ചിട്ട്
വസന്തം പിറക്കുമ്പോൾ കുഴിയിലൂതുവാൻ
കൂർമ്മങ്ങളെത്തുമോ ഇനിയും ഋതുക്കളിൽ.

നിശബ്ദമെങ്കിലും ശബ്ദത്തിലലതല്ലി
കരയെപ്പുണർന്നുള്ള സ്നേഹത്തിൻ നുരകളും
ഭീമൻ തിരവന്നു മായ്ച്ചപോൽ മാഞ്ഞുപോയ്
ജീവന്റെ തുടിപ്പുകൾ കരയിൽ വീണകാലം.

ഗർഭത്തിൽ ശിശുവിനെ നശിപ്പിക്കും മാനവർ
തിരയെ ഗർഭത്തിൽ തളച്ചിടാനായ്
അമ്മയാം ആഴിതൻ ഉദരത്തിൽ കല്ലിട്ട്
കയത്തിലാഴ്ത്തുന്നു കുഞ്ഞോളക്കൈകാലുകൾ.

മുറിച്ചവരാ കടലിന്റെ മക്കൾതന്നുദരങ്ങൾ
കടലിനെ ഒരുനാൾ വമ്പർക്കു മുറിച്ചുനല്കി
വിദേശക്കപ്പലോടിച്ചാഴിതൻ സമ്പത്തു ചൂഷണ
ത്താൽ നിർദ്ദയമുൻമൂലനം ചെയ്താവമ്പന്മാർ.

ഇത്യാദിദൂഷ്കർമ്മം വ്യാപിപ്പിയ്ക്കുമന്തഃകർക്ക്
കവചമായിമാറിയ ഭരണസിരാകേന്ദ്രം
തുറകൾ തുറക്കുന്നു സുഖലോലുപർക്കും
വികസന വ്യാജേന തുറമുഖങ്ങളാക്കുവാനും.

കരയുന്നു കടലിന്റെ മക്കളും, കിണ്ണനും,
കുഴിഞ്ഞണ്ടും തിരമാലയുമായാർത്തലച്ച്
തീറെഴുതല്ലെയെൻ തീരവും തിരകളും
പൃഥ്വിയെ നശിപ്പിയ്ക്കും ദുഷ്ട ശക്തികൾക്കായ്.

തീരപരിപാലനത്തിൽ മാറ്റങ്ങൾ കേൾക്കവേ
മാറത്തലയ്ക്കുന്നു തീരത്തെ വനിതകൾ
മാറ്റല്ലെ നാടിനെ തീരം മുറിച്ചിട്ട്
മാറ്റൊലി കൊള്ളട്ടെ ദിഗന്തങ്ങളിലീധ്വനി.

**[അമൂല്യമാം മാതൃസ്മരണകളിൽ സമർപ്പിച്ചുകൊണ്ട്]**

***ആൻസലാം എ. ജോൺ, കൊല്ലം***

ഈ കവിതയിൽ ഉപയോഗിച്ചിട്ടുള്ള നാടൻ പ്രയോഗങ്ങൾ:

1. അടുവാക്കുഴി: തിരയടിക്കുന്നതിന് തൊട്ടുമുകളിലുള്ള കടലിൻെറ അടിത്തട്ട്.
2. കിണ്ണൻ: തിരയടിക്കുന്നതിന് സമീപം മണലിൽ കാണപ്പെടുന്ന ഒരു കടൽജീവി
3. കൂടം: വലയും പണിസാധനങ്ങളും സൂക്ഷിക്കുന്ന പുര.

**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ**
**50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്,
ജി.പി.ഒ. ലെയിൻ, സ്റ്റാച്ചൂ, തിരുവനന്തപുരം - 695 001

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com